**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4514** **19-07-2022 - ൽ മറുപടിയ്ക്ക്**

**പെരിങ്ങാട്-ചേറ്റുവ കണ്ടൽ റിസർവ്വ് വനം സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ പാവറട്ടി പഞ്ചായത്തിലുള്ള പെരിങ്ങാട്-ചേറ്റുവ കണ്ടൽ റിസർവ്വ് വനത്തിന്റെ സംരക്ഷണത്തിനും വികസനത്തിനുമായി എന്തൊക്കെ കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | തൃശ്ശൂർ ജില്ലയിലെ ചാവക്കാട് താലൂക്കിലെ വെൺമനാട് വില്ലേജിൽ പാവറട്ടി പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന റീസർവ്വേ നമ്പർ 119/2-ൽ ഉൾപ്പെടുന്ന 94.77 ഹെക്ടർ കണ്ടൽ വനം 1961-ലെ കേരള വനനിയമം സെക്ഷൻ(4) പ്രകാരം പ്രൊപ്പോസ്ഡ് റിസർവ്വ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിക്കുകയും തുടർനടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു. പ്രസ്തുത സ്ഥലത്ത് നിലവിലുള്ള പഴയ കെട്ടിടം ഇന്റർപ്രട്ടേഷൻ സെന്റർ ആക്കുന്നതിനായി നവീകരിച്ചിട്ടുള്ളതും ബോട്ട് ജെട്ടി നിർമ്മിക്കുകയും ഒരു പട്രോളിംഗ് ബോട്ട് വാങ്ങുകയും ചെയ്തിട്ടുണ്ട്. സ്ഥലത്തെ റോഡിന്റെ നവീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. കണ്ടൽക്കാടുകളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനായി wet land conservation പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ടൽത്തൈകൾ ഉൽപാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്. മുൻ വർഷങ്ങളിൽ പാവറട്ടി പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം കണ്ടൽ തൈകൾ നട്ടു പിടിപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രദേശത്ത് ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കാൻ എന്തെങ്കിലും പദ്ധതിയുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ; | (ബി) | നിലവിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. |
| (സി) | ഇല്ലെങ്കിൽ പ്രസ്തുത പ്രദേശത്ത് ഇക്കോടൂറിസം പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (സി) | നിലവിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ